# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2025–26

### ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പ്രോസ്പെക്ടസ് വിശദമായി വായിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുക.

- ഓൺലൈൻ അപേക്ഷാ ഫോറത്തിലെ എല്ലാ വിവരങ്ങളും വളരെ ശ്രദ്ധാപൂർവം കൃത്യമായി പൂരിപ്പിക്കുക.

- ഇന്ത്യൻ സിറ്റിസൺ ആയിട്ടുള്ള വിദ്യാർഥികൾ മാത്രമേ ഈ ഏകജാലക സംവിധാനം വഴി അപേക്ഷിക്കാൻ പാടുള്ളൂ. OCI കാർഡ് ഉള്ളവരോ വിദേശ വിദ്യാർത്ഥികളോ ഈ ഏകജാലക സംവിധാനം വഴി അപേക്ഷിക്കുവാൻ പാടുള്ളതല്ല.

- രജിസ്ട്രേഷൻ നടപടികളിലെ ആദ്യഘട്ടം അപേക്ഷാ നമ്പറും പാസ്സ്‌വേഡും ജനറേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇതിനായി വെബ്സൈറ്റിലെ (https://admissions.keralauniversity.ac.in/fyugp2025/) "new REGISTRATION" എന്നുള്ള ലിങ്കിൽ ക്ലിക്ക് ചെയ്യുക. ഇവിടെ അപേക്ഷാർത്ഥിയുടെ പേര്, ജനന തീയതി (എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലേത് പോലെ) പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, പാസ്സായ വർഷം (പ്ലസ് 2 മാർക്ക് ലിസ്റ്റിലേത് പോലെ), ജൻഡർ, നാഷണാലിറ്റി, ഇ-മെയിൽ വിലാസം എന്നിവ നൽകി സബ്മിറ്റ് ചെയ്യുക. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് വിദ്യാർത്ഥിയുടെയോ രക്ഷകർത്താവിന്റെയോ മൊബൈൽ നമ്പർ തന്നെ നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കണം. വിദ്യാർത്ഥി സമർപ്പിച്ച മൊബൈലിൽ വരുന്ന "OTP" നമ്പർ നൽകിയാൽ മാത്രമേ അപേക്ഷാ നമ്പർ, പാസ്‌വേർഡ് എന്നിവ ലഭിക്കൂ. ജനന തീയതി (dd/mm/yyyy ഫോർമാറ്റിൽ) ആയിരിക്കും ഡിഫോൾട്ട് പാസ്‌വേഡായി ലഭിക്കുന്നത്.

- അപേക്ഷാ നമ്പറും പാസ്സ്‌വേഡും ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ഓൺലൈൻ അപേക്ഷാ ഫോറം പൂരിപ്പിക്കുന്നതിലേക്കായി പ്രൊഫൈലിൽ വീണ്ടും ലോഗിൻ ചെയ്യുക.

## 1. അക്കാഡമിക് പ്രൊഫൈൽ രജിസ്ട്രേഷൻ:

- പ്ലസ്ടു പാസ്സായ വർഷം, ബോർഡ്, സ്കീം, രജിസ്റ്റർ നമ്പർ, എത്രാമത്തെ തവണയാണ് പ്ലസ്ടു പാസ്സായത് എന്നിവ കൃത്യതയോടെ നൽകേണ്ടതാണ്. ഒന്നിൽ കൂടുതൽ ചാൻസുകൾ ഉപയോഗിച്ച് പ്ലസ്-ടു യോഗ്യത പരീക്ഷ പാസ്സായവർ **"Number of Appearances"** എന്ന കോളത്തിൽ കൃത്യമായ വിവരം (എത്രാമത്തെ തവണയാണ് പാസ്സായത്) നൽകണം. യോഗ്യതാ പരീക്ഷ പാസ്സാവാൻ എടുക്കുന്ന ഓരോ അധിക ചാൻസിനും ഇൻഡക്സ് മാർക്കിൽ നിന്ന് 10 മാർക്ക് കുറവു ചെയ്യുന്നതാണ്. ആയതിനാൽ ഈ വിവരം ശ്രദ്ധാപൂർവം കൃത്യമായി നൽകേണ്ടതാണ് (പ്രോസ്പെക്ടസ് ഖണ്ഡിക 6 കാണുക).

- 2024-25 അധ്യയന വർഷത്തിൽ കേരള ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി (NSQF) പരീക്ഷ പാസ്സായവർ രജിസ്റ്റർ നമ്പറും വർഷവും നൽകുമ്പോൾ തന്നെ പ്ലസ്ടു പരീക്ഷക്ക് ലഭിച്ച മാർക്കുകൾ **പ്രൊഫൈലിൽ അപ്ഡേറ്റ് ആകുന്നതാണ്.** ആയത് അവരവരുടെ മാർക്ക് ലിസ്റ്റുമായി താരതമ്യപ്പെടുത്തി ശരിയാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മറ്റ് വിദ്യാർത്ഥികൾ അവരവർക്ക് ലഭിച്ച മാർക്കുകൾ ശ്രദ്ധാപൂർവം രേഖപ്പെടുത്തേണ്ടതാണ്.

- മറ്റു സംസ്ഥാന ബോർഡുകൾ/ഓപ്പൺസ്കൂൾ വഴി വിജയിച്ച വിദ്യാർത്ഥികൾ പ്രവേശന സമയത്ത് കേരള സർവകലാശാലയിൽ നിന്നുള്ള തുല്യത സർട്ടിഫിക്കറ്റ് (Eligibility Certificate) കോളേജിൽ ഹാജരാക്കേണ്ടതാണ്. ആയതിനാൽ ടി സർട്ടിഫിക്കറ്റ് മുൻകൂട്ടി കരുതി വയ്ക്കേണ്ടതാണ്.

## 2. ഓപ്ഷനുകൾ നൽകൽ:

- ആദ്യഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാൻ സാധിക്കുന്നതാണ്. നൽകുന്ന ഓപ്ഷനുകളിൽ ഏതെങ്കിലും ഒരു കോളേജിൽ അലോട്ട്മെന്റ് ലഭിച്ചു കഴിഞ്ഞാൽ ടി ഓപ്ഷനു ശേഷമുള്ള ഒരു ഓപ്ഷനും പിന്നീടുള്ള അലോട്മെന്റുകളിലേക്ക് പരിഗണിക്കുന്നതല്ല. ആയതിനാൽ ഓപ്ഷനുകൾ നൽകുന്നത് വളരെ ശ്രദ്ധാപൂർവം ചെയ്യേണ്ടതാണ്. ഓപ്ഷനുകൾ മുൻകൂട്ടി ധാരണയുണ്ടാക്കി ലിസ്റ്റ് ചെയ്തു വെച്ച ശേഷം വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള കോളേജുകളും കോഴ്സുകളും മാത്രം മുൻഗണനാ ക്രമത്തിൽ നൽകുക.

## 3. രജിസ്ട്രേഷൻ ഫീസ് ഒടുക്കൽ:

- രജിസ്ട്രേഷൻ ഫീസ് **ഓൺലൈൻ** ആയി അടയ്ക്കേണ്ടതാണ് (ഫീസ് വിവരങ്ങൾ പ്രോസ്പെക്ടസ് ഖണ്ഡിക 6ൽ നൽകിയിട്ടുണ്ട്). ഇതിനായി ഇന്റർനെറ്റ് ബാങ്കിങ്, യു.പി.ഐ, ഡെബിറ്റ് കാർഡുകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. ഫീസ് അടക്കുമ്പോൾ ട്രാൻസാക്ഷൻ എറർ എന്തെങ്കിലും ഉണ്ടായി അക്കൗണ്ടിൽ നിന്നും തുക പോയിട്ടും വീണ്ടും ഫീസ് അടയ്ക്കാനുള്ള നിർദ്ദേശം ലഭിക്കുകയാണെങ്കിൽ സർവകലാശാല അഡ്മിഷൻ വിഭാഗവുമായി ഫോൺ/ഇ-മെയിൽ/വാട്സ്ആപ് മുഖാന്തിരം ബന്ധപ്പെട്ട് മറുപടി ലഭിച്ച ശേഷം മാത്രം വീണ്ടും ഓൺലൈൻ പേയ്മെന്റിന് ശ്രമിക്കുക. മൾട്ടിപ്പിൾ പേയ്മെന്റ് നടന്നാൽ തുക റീഫണ്ട് ലഭിക്കാൻ കാലതാമസം നേരിടുന്നതാണ്.

## 4. ഫോട്ടോ, ഒപ്പ് എന്നിവ അപ്‌ലോഡ് ചെയ്യുക:

- ഫോട്ടോ, ഒപ്പ് എന്നിവ അപ്‌ലോഡ് ചെയ്യുമ്പോൾ നിശ്ചിത ഫോർമാറ്റിലും വലിപ്പത്തിലും മാത്രം ചെയ്യാൻ ശ്രദ്ധിക്കുക.
- Photo with 150px X 200px (width x height), maximum 40kb, jpg format only
- Signature with 150px X 60px (width x height), maximum 40kb, jpg format only

## 5. ആപ്ലിക്കേഷൻ വെരിഫൈ ചെയ്യുക:

- രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് മുൻപ് അപേക്ഷയിൽ നൽകിയ വിവരങ്ങൾ എല്ലാം തന്നെ ശ്രദ്ധയോടു കൂടി വായിച്ച് ഉറപ്പു വരുത്തേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനു മുൻപായി ആവശ്യമെങ്കിൽ വേണ്ട തിരുത്തലുകൾ വരുത്താവുന്നതാണ്.

## 6. പ്രിന്റ് ഔട്ട് എടുക്കുക:

- രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

## 7. പ്രൊഫൈൽ പാസ്സ്‌വേർഡ്:

- അഡ്മിഷൻ പ്രക്രിയകൾക്കിടയിൽ അപേക്ഷാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെ മറ്റാരെങ്കിലും പ്രൊഫൈലിലെ വിവരങ്ങളിൽ മാറ്റം വരുത്താതിരിക്കാൻ പാസ്സ്‌വേഡിന്റെ രഹസ്യ സ്വഭാവം നിലനിർത്താൻ ജാഗ്രത പുലർത്തുക.

➢ അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്നതു വരെ ആപ്ലിക്കേഷൻ നമ്പറും പാസ്സ്‌വേഡും ആവശ്യമായതിനാൽ ഇവ ഓർത്തിരിക്കേണ്ടതാണ്. അലോട്ട്മെന്റ് പരിശോധിക്കാനും തുടർ നടപടികൾക്കും ഇവ ആവശ്യമാണ്.

## ശ്രദ്ധിക്കേണ്ടവ

✓ വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ എഡിറ്റ് ഓപ്ഷൻ ഉപയോഗിച്ച് എന്തെങ്കിലും മാറ്റങ്ങൾ വരുത്തുന്നുണ്ടെങ്കിൽ ടി മാറ്റങ്ങൾക്ക് ശേഷമുള്ള അപേക്ഷയുടെ ഏറ്റവും പുതിയ പ്രിൻറ് ഔട്ട് എടുത്തു സൂക്ഷിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിൻറ് ഔട്ട് ഒരു ഘട്ടത്തിലും സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല. എന്നാൽ ആയത് പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാകേണ്ടതുണ്ട്.

✓ വിദ്യാഭ്യാസ യോഗ്യത, സംവരണം, ഗ്രേസ് മാർക്കുകൾ മുതലായവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കൈയിൽ കരുതേണ്ടതാണ്. (ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദ വിവരങ്ങൾക്കായി പ്രോസ്പെക്ടസ് ഖണ്ഡിക 10 കാണുക) പ്രവേശനം ലഭിച്ചാൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ കൂടുതൽ സമയം യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

➢ അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രക്കുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (https://admissions.keralauniversity.ac.in/) ശ്രദ്ധിക്കേണ്ടതാണ്.

❖ ഹെൽപ്പ്‌ലൈൻ നമ്പർ: 8281883052 (Whatsapp/ Call),
8281883053 (Call only)

❖ Website : https://admissions.keralauniversity.ac.in/fyugp2025/

❖ Email id : ach@keralauniversity.ac.in